പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3818

21.06.2018 - ൽ മറുപടിക്ക്.

## അരൂർ മണ്ഡലത്തിലെ വ്യവസായ വികസനം

ചോദ്യം
ശ്രീ. എ. എം. ആരിഫ്

മറുപടി
ശ്രീ. എ. സി. മൊയ്തീൻ
(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായ വകുപ്പ് അരൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ വിശദമാക്കാമോ ?

(എ) : ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2016-17, 2017-18 കാലയളവിലായി സംരംഭകത്വ സഹായ പദ്ധതി പ്രകാരം 13 വ്യവസായ യൂണിറ്റുകൾക്കായി 1,27,88,029/- രൂപ സബ്സിഡിയായി വിതരണം ചെയ്തിട്ടുണ്ട്. അരൂർ നിയോജക മണ്ഡലത്തിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് 74,000/- രൂപ ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. കൂടാതെ ഇക്കാലയളവിൽ 3375 ലക്ഷം രൂപ മുടക്കി 316 പുതിയ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുകയും 1210 പേർക്ക് തൊഴിൽ നൽകുകയും ചെയ്തു. പ്രധാനമന്ത്രി തൊഴിലുറപ്പ് പദ്ധതി പ്രകാരം 10 യൂണിറ്റുകൾ ആരംഭിക്കുകയും 12,11,570/- രൂപ ടി യൂണിറ്റുകൾക്ക് സബ്സിഡിയായി നൽകുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

ജക/18/06